"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

**സാംസ്കാരികകാര്യ വകുപ്പ്- വാസ്തുവിദ്യാഗുരുകുലം- 2024-25 സാമ്പത്തിക വർഷത്തെ പദ്ധതി പ്രവർത്തനങ്ങൾക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

സാംസ്കാരികകാര്യ(സി) വകുപ്പ്

സ.ഉ.(സാധാ) നം.279/2024/CLAD തീയതി,തിരുവനന്തപുരം, 03-06-2024

---

പരാമർശം:-
1. വാസ്തുവിദ്യാഗുരുകുലം എക്സിക്യൂട്ടീവ് ഡയറക്ടറുടെ 07.05.2024-ലെ പി-321/2023/വിവിജി നമ്പർ കത്ത്.
2. 27.05.2024-ന് ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗ നടപടിക്കുറിപ്പ്

<u>ഉത്തരവ്</u>

വാസ്തുവിദ്യാഗുരുകുലത്തിന് 2024-25 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ പദ്ധതി വിഹിതമായി 2205-00-102-68(പ്ലാൻ) എന്ന ശീർഷകത്തിൽ 1,20,00,000/-(ഒരു കോടി ഇരുപത് ലക്ഷം രൂപ) വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതി വിഹിതം ചെലവഴിച്ച് വിവിധ പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിന് വാസ്തുവിദ്യാഗുരുകുലം എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശ കത്ത് പ്രകാരം പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

2. 27.05.2024-ന് ചേർന്ന വർക്കിംഗ് ഗ്രൂപ്പ് യോഗം പ്രസ്തുത പ്രൊപ്പോസൽ വിശദമായി പരിശോധിക്കുകയും താഴെപ്പറയുന്ന നിബന്ധനകളോടെ പദ്ധതി പ്രവർത്തനങ്ങൾക്ക് അംഗീകാരം നൽകുകയുമുണ്ടായി.

3. മേൽ സാഹചര്യത്തിൽ വാസ്തുവിദ്യാഗുരുകുലത്തിന്റെ ആസ്ഥാന മന്ദിരത്തിന്റെ ഡി.പി.ആർ തയ്യാറാക്കുന്ന ഘട്ടത്തിൽ തന്നെ വിശദമായ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കി സർക്കാരിന്റെ അംഗീകാരം തേടേണ്ടതും ഭൂമിയുടെ വിനിയോഗം സംബന്ധിച്ച് അനുമതി നേടിയശേഷം മാത്രമേ പ്രവൃത്തികൾ ആരംഭിക്കാവൂയെന്ന നിബന്ധനയോടെയും പ്രസ്തുത പദ്ധതിയ്ക്കായി ബഡ്ജറ്റിൽ അനുവദിച്ചതിന് പുറമെയുള്ള തുക സ്ഥാപനം കണ്ടെത്തേണ്ടതാണെന്ന വ്യവസ്ഥയിൽ വാസ്തുവിദ്യാഗുരുകലത്തിന് 2024-25 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 2205-00-102-68(പ്ലാൻ) എന്ന ശീർഷകത്തിൽ പദ്ധതിയിനത്തിൽ വകയിരുത്തിയ ₹ 1,20,00,000/- (ഒരു കോടി ഇരുപത് ലക്ഷം രൂപ) ചുവടെ ചേർത്തിട്ടുള്ള ഘടകങ്ങൾക്കായി വിനിയോഗിച്ച് പദ്ധതി

നിർവഹണം നടത്തുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | തുക ലക്ഷത്തിൽ |
|---|---|---|
| 1 | **പാരമ്പര്യ വാസ്തുവിദ്യ ചുമർചിത്ര രചന, സുസ്ഥിര സാങ്കേതിക വിദ്യാ എന്നിവയുടെ സംരക്ഷണവും പ്രചാരണവും**<br>a. ക്ലാസ്സുകൾ,സജ്ജീകരണം, വിഷയ വിദഗ്ധരുടെ സന്ദർശന ക്ലാസ്സുകൾ<br>b . കൺസൾട്ടൻസി, മ്യൂറൽ, ഭരണ വിഭാഗം എന്നീ വിഭാഗങ്ങളിലെ ജീവനക്കാർക്കുള്ള ഇൻഹൌസ് ട്രെയിനിംഗ്.<br>c. മ്യൂറൽ വിഭാഗത്തിന് ശില്പ നിർമ്മാണ ട്രെയിനിംഗ്.<br>d. കൺസൾട്ടൻസി വിഭാഗത്തിന് ത്രീഡി മോഡലിംഗ് ട്രെയിനിംഗ്.<br>e . ഗുരുകുലത്തിന് അക്രഡിറ്റേഷൻ ലഭിക്കുന്നതിനും പ്രിസർവേഷൻ, കൺസർവേഷൻ എന്നീ നിലകളിൽ പ്രവർത്തിക്കുന്നതിന് ഗുരുകുലത്തിലെ ജീവനക്കാർക്ക് ട്രെയിനിംഗ്.<br>f. ഓഫീസ് മന്ദിര നവീകരണം | 5 |
| 2 | **ആസ്ഥാന മന്ദിരം-** വാസ്തുവിദ്യാ ഗുരുകുലം ആസ്ഥാന മന്ദിരം, ചിത്രശില്പശാലകൾ, അക്കാദമിക് ബ്ലോക്കുകൾ എന്നിവയുടെ നിർമ്മിതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ നടത്തുക. | 95 |
| 3 | **സെമിനാറുകൾ, വർക്ക് ഷോപ്പുകൾ പ്രദർശന വിപണന മേളകൾ**<br>a. നിർമ്മാണ/പൊളിക്കൽ ഖരമാലിന്യങ്ങളുടെ പുനരുപയോഗ സാങ്കേതിക വിദ്യാ പ്രചരണം, സെമിനാറുകൾ, വർക്ക്ഷോപ്പുകൾ മുതലായവ സംഘടിപ്പിക്കുക.<br>b. കേരളീയ പാരമ്പര്യ കരകൌശല ഉല്പന്ന വികസനവും മൂല്യ വർദ്ധിത ഉല്പന്ന നിർമ്മിതിയും- പരിശീലന കളരികളും പ്രദർശനങ്ങളും സെമിനാറുകളും.<br>c. വാസ്തുശാസ്ത്ര, ചുമർചിത്രരചന, അന്യം നിന്നു പോകാവുന്ന കരകൗശല ഉല്പന്നങ്ങൾ എന്നിവയുടെ പ്രദർശന വിപണന മേളകൾ, ശില്പശാലകൾ, സെമിനാറുകൾ എന്നിവ സംഘടിപ്പിക്കുക..<br>d. സംസ്ഥാനത്തെ വിവിധ ജില്ലകളിൽ ദേശീയ മ്യൂറൽ ക്യാമ്പുകൾ സംഘടിപ്പിക്കുക, മ്യൂറൽ സെമിനാറുകൾ, ദേശീയ-അന്തർദ്ദേശീയ പഠന ഗവേഷണ കേന്ദ്രങ്ങളു മായി മ്യൂറൽ വെർണക്കുലർ മേഖലയെ ബന്ധപ്പെടുത്തി വിപുലപ്പെടുത്തുക, ഇതിനായി വിവിധ | 2.5 |

| | | |
|---|---|---|
| | കേന്ദ്ര-സംസ്ഥാന സർക്കാർ ഏജൻസികളെ സമീപിക്കുക, CSRഫണ്ട് നേടിയെടുക്കുന്നതിനായുള്ള ഇടപെടൽ നടത്തുക..<br>e. നോർക്കയുമായി സഹകരിച്ച് അന്യ സംസ്ഥാനങ്ങളിലും വിദേശ രാജ്യങ്ങളിലും ചുമർചിത്ര പ്രദർശനവും വിപണനവും നടത്തുക. | |
| 4 | **ഡോക്യുമെന്റേഷനും സർവ്വേകളും**<br>a. സാംസ്കാരിക-പൈതൃക ടൂറിസം വികസനവും അനുബന്ധ പ്രവർത്തനങ്ങളും.<br>b. പൈതൃക കെട്ടിടങ്ങളെ പറ്റിയുള്ള സർവ്വേയും ഡോക്യുമെന്റേഷനും പ്രാരംഭ നടപടിയായി പത്തനംതിട്ട ജില്ലയിലെ സർവ്വേ.<br>c. പാരമ്പര്യ നിർമ്മാണത്തിൽ അഗ്രഗണ്യരായ സ്ഥപതിമാർ, മൂത്താശ്ശാരിമാർ മുതലായവരെ കണ്ടെത്തി ഡയറക്ടറി തയ്യാറാക്കൽ.<br>d. പരമ്പരാഗത തൊഴിലാളികളെക്കുറിച്ചുള്ള ലേബർ ബാങ്ക് തയ്യാറാക്കൽ.<br>e. വാസ്തുശാസ്ത്രത്തെ അന്ധവിശ്വാസത്തിൽ നിന്നും അതിശയോക്തിയിൽ നിന്നും മുക്തമാക്കുന്നതിനായി വിഷയവിദഗ്ദ്ധരുമായി ചേർന്ന് ഒരു ഗൈഡ് ലൈൻ തയ്യാറാക്കി പ്രസിദ്ധീകരിക്കുന്നതിന് | 3 |
| 5 | **പ്രചരണവും പ്രസിദ്ധീകരണവും**<br>a. പ്രസിദ്ധീകരണം - ത്രൈമാസിക<br>b. വെബ് സൈറ്റ്, സോഷ്യൽ മീഡിയ, സോഫ്റ്റ് വെയർ എന്നിവയുടെ അപ്ഡേഷനും മോഡണൈസേഷനും, ബി.എം. കംപ്യൂട്ടറുകൾ | 2.5 |
| 6 | **മ്യൂറൽ സ്റ്റേഷനറി സ്റ്റോർ-മ്യൂറൽ ചിത്രരചനയ്ക്ക് ആവശ്യമായ മുഴുവൻ സാധനങ്ങൾ ലഭ്യമാകുന്ന ഒരു സ്റ്റേഷനറി സ്റ്റോർ സജ്ജമാക്കൽ** | 3 |
| 7 | **ചുമർ ചിത്രങ്ങൾക്ക് ഹോളോഗ്രാം നല്കുന്ന പദ്ധതി.** | 1 |
| 8 | **പരമ്പരാഗത കേരള മാതൃകാ ഗ്രാമം സജ്ജീകരിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ** | 4 |
| 9 | **പ്രാദേശിക കേന്ദ്രങ്ങൾ** | 2 |
| 10 | **വെർണക്കുലർ ആർക്കിടെക്ച്ചർ മ്യൂസിയം** | 2 |
| | **ആകെ** | 120 |

ഇപ്രകാരം പുറപ്പെടുവിക്കുന്ന ഭരണാനുമതി ഉത്തരവ് താഴെപ്പറയുന്ന നിബന്ധനകൾക്ക് കൂടി

വിധേയമായിരിക്കും.

1. പദ്ധതി നടത്തിപ്പിന് നടപടിക്രമങ്ങളും ചട്ടങ്ങളും വ്യവസ്ഥകളും നിർബന്ധമായും പാലിക്കേണ്ടതാണ്.

2. പദ്ധതി പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട വാങ്ങലുകലുകൾക്ക് Store Purchase Manual-ലെ നിബന്ധകൾ പാലിക്കേണ്ടതും , IT അനുബന്ധ സാധനങ്ങൾ വാങ്ങുമ്പോൾ അതുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ കൃത്യമായി പാലിക്കേണ്ടതുമാണ്.

3. തുകയുടെ ശരിയായ വിനിയോഗം യഥാസമയങ്ങളിൽ സാംസ്കാരിക വകുപ്പ് ഡയറക്ടറും വാസ്തുവിദ്യാഗുരുകുലം എക്സിക്യൂട്ടിവ് ഡയറക്ടറും മേൽനോട്ടം വഹിക്കേണ്ടതും പദ്ധതി പൂർത്തീകരിക്കുമ്പോൾ ധനവിനിയോഗ സാക്ഷ്യപത്രവും വിശദമായ ധനവിനിയോഗ പത്രികയും സർക്കാരിൽ സമർപ്പിക്കേണ്ടതുമാണ് .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ബിജു ഐ എ എസ്
സെക്രട്ടറി

ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടിവ് ഡയറക്ടർ, വാസ്തുവിദ്യാഗുരുകുലം,തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ ) കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് ) കേരളം, തിരുവനന്തപുരം
ചീഫ്, സോഷ്യൽ സർവ്വീസസ് ഡിവിഷൻ, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം.
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം .
ധനകാര്യ (ആസൂത്രണം-ബി) വകുപ്പ്
ധനകാര്യ (വിദ്യാഭ്യാസ-സി) വകുപ്പ്
സാംസ്ലാരികകാര്യ(ബി) വകുപ്പ് (27.05.2023- ലെ 62/ബി3/ 2024/സാം.കാ.വ നടപടികുറിപ്പ് പ്രകാരം)
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, പ്രിൻസിപ്പൽ സബ് ട്രഷറി, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര-പൊതുജനസമ്പർക്ക വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് പകർപ്പ് (സി2/116/2024-സാം.ക.വ)

ഉത്തരവിൻ പ്രകാരം
Signed by
Mini T R
സെക്ഷൻ ഓഫീസർ
Date: 04-06-2024 10:15:21